# പതിമൂന്നാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 273 16.12.2015-ൽ മറുപടിക്ക്.

### അധികാര വികേന്ദ്രീകരണ പ്രക്രിയ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.എസ്. രാജേന്ദ്രൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) പദ്ധതി നടത്തിപ്പിലെ ഏകോപനം അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് എത്രത്തോളം അനുപേക്ഷണീയമാണ്; വിശദമാക്കുമോ; | (എ) പദ്ധതി നടത്തിപ്പിലെ ഏകോപനം വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയ്ക്ക് അത്യന്താപേക്ഷിതമാണ്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും അതിന്റെ ഭൂപ്രദേശത്തിന്റെയും ജനങ്ങളുടെയും സമഗ്ര വികസനം, പുരോഗതി എന്നിവയാണ് വികേന്ദ്രീകൃത ആസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യം. പങ്കാളിത്ത വികസന സമീപനത്തിലൂടെ സമഗ്ര വികസനം സാധ്യമാകണമെങ്കിൽ കൃത്യമായി ഓരോ ഘട്ടത്തിലും വിവിധ വികസന കൂട്ടാളികൾ തമ്മിലും പദ്ധതിയുടെ വിവിധ ഘടകങ്ങൾ തമ്മിലും ഏകോപനം ആവശ്യമാണ്. പദ്ധതി നടത്തിപ്പിലും ഇത് അനിവാര്യ മാകുന്നു. |
| (ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്രാദേശിക വികസനം മൂന്ന് മന്ത്രിമാരുടെ കീഴിൽ കൊണ്ടുവന്ന നടപടി പ്രസ്തുത ഏകോപിത പ്രവർത്തനത്തെ എത്രത്തോളം ബാധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ; | (ബി) യും (സി) യും പ്രാദേശിക വികസനം മൂന്ന് മന്ത്രിമാരുടെ കീഴിൽ കൊണ്ടുവന്ന നടപടി ഏകോപിത പ്രവർത്തനങ്ങളെ ഒരു വിധത്തിലും പ്രതികൂലമായി ബാധിച്ചിട്ടില്ല. മറിച്ച് ആസൂത്രണ പ്രക്രിയയെ കൂടുതൽ സഹായിക്കുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത്, |

(സി) മൂന്ന് മന്ത്രിമാരുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ എന്ന നിലയിൽ കൊണ്ടുവന്ന പകരം സംവിധാനങ്ങൾ ഏതെല്ലാമായിരുന്നു; അവയുടെ പ്രവർത്തനം കൊണ്ടുണ്ടായ ഗുണപരമായ മാറ്റങ്ങൾ അറിയിക്കുമോ?

നഗരകാര്യം, ഗ്രാമ വികസനം തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളിൽ ഏകോപനം ആവശ്യമായി വരുന്ന പക്ഷം തീരുമാനം എടുക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് വകുപ്പ് മന്ത്രി, നഗരകാര്യ വകുപ്പ് മന്ത്രി, ഗ്രാമവികസന വകുപ്പ് മന്ത്രി എന്നിവർ ഉൾപ്പെടുന്ന ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആസൂത്രണ പ്രക്രിയയിൽ ഏതെങ്കിലും തരത്തിലുള്ള സംശയങ്ങളോ തടസ്സങ്ങളോ പ്രത്യേക സർക്കാർ അനുമതിയോ വേണ്ട സന്ദർഭങ്ങളുണ്ടായാൽ അവ അടിയന്തിരമായി പരിഹരിക്കുന്നതിനുള്ള സംവിധാനമാണ് സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റി. ഈ കമ്മിറ്റിയിൽ വകുപ്പിലെ മൂന്ന് മന്ത്രിമാരും അംഗങ്ങളാണ്. മിക്കവാറും എല്ലാ ആഴ്ചയിലും കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ചേർന്ന് പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കാറുണ്ട്. അങ്ങനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ സമയ ബന്ധിതമായി നടപ്പാക്കാൻ സാധിക്കുന്നു. കൂടാതെ, പ്രത്യേക അനുമതി, യഥേഷ്ടാനുമതി വിഷയങ്ങളിൽ അനന്തമായ കാത്തിരിപ്പ് അവസാനിച്ച് അടിയന്തിര പരിഹാരം കാണുന്നതിനും സഹായകരമാകുന്നു.

സെക്ഷൻ ഓഫീസർ